ഇ- മാഗസിൻ

ലിറ്റൽ കൈറ്റ്സ് പ്രസിദ്ധീകരണം

# ദിശ



## എഡിറ്റോറിയൽ  കമ്മിറ്റി

അഗ്നി ആഷിക് ( ചീഫ് എഡിറ്റർ )
ഐശ്വര്യ. ഡി
അനശ്രീ. എസ്
അശ്വതി. എം
ഹരിപ്രസാദ്. എച്.
മുഹമ്മദ് അൻസിൽ
മുഹമ്മദ് മുബാറക്
റംഷീന. ജെ
യാവിൻ  ലൂക്കോസ്

Little KITEs

**സി.എ. ഹയർ സെക്കന്ററി സ്കൂൾ, ആയക്കാട്**

# ഉള്ളടക്കം


| പേജ് | എഴുത്ത് | |
|---|---|---|
| 1 | സന്ദേശം | ഹെഡ്മാസ്റ്റർ |
| 2 | സന്ദേശം | പ്രിൻസിപ്പൽ |
| 3 | ആശംസ | പി.ടി.എ. പ്രസിഡന്റ് |
| 4 | കുറിപ്പ് | എഡിറ്റർ |
| 5 | വിദ്യാലയ ചരിത്രം | |
| 8 | ആയക്കാട് എന്റെ ഗ്രാമം | |
| 11 | ലേഖനങ്ങൾ | |
| 25 | കവിതകൾ | |
| 33 | കഥകൾ | |
| 42 | വരകൾ | |



സുരേഷ്. എ.എസ്

ഹെഡ്മാസ്റ്റർ

സി.എ. ഹയർ സെക്കന്ററി സ്കൂൾ, ആയക്കാട്

# *സന്ദേശം*

ഹൈ ടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.ടി. കൂട്ടായ്മയായ ലിറ്റൽ കൈറ്സ് , ആയക്കാട് സി.എ. ഹൈ സ്കൂളിലും സജീവമായി പ്രവർത്തിക്കുന്നുണ്ട്. - വർഷത്തിൽ ആരംഭിച്ച ഈ കൂട്ടായ്മയുടെ ആദ്യത്തെ മാഗസിൻ സംരംഭമാണ് 'ദിശ'. ഇത് ഒരു ഇ-മാഗസിൻ ആയിട്ടാണ് പ്രസിദ്ധീകരിക്കുന്നത് എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഐ.ടി. സന്ഘഎത്തികവിദ്യയിലുള്ള അറിവുലുപരി കുട്ടികൾക്ക് ശാസ്ത്ര സാമൂഹിക വിഷയങ്ങളിൽ പ്രതികരിക്കാനും അവരുടെ സർഗ്ഗാത്മകത പ്രകടിപ്പിക്കാനുമുള്ള വേദി കൂടിയാണ് ഈ മാഗസിൻ. ഈ പ്രവർത്തനങ്ങളിൽ പംഖേടുത്ത എല്ലാവരെയും അഭിനന്ദിക്കുന്നതോടൊപ്പം തുടർപ്രവർത്തനങ്ങൾക്കു എല്ലാവിധ ആശംസകളും നേരുന്നു.

സുരേഷ്. എ.എസ്

( ഹെഡ്മാസ്റ്റർ )



പ്രിൻസിപ്പൽ

സി.എ.ഹയർ സെക്കന്ററി സ്കൂൾ, ആയക്കാട്

## <u>ആശംസ</u>

ഈ വിദ്യാലയത്തിലെ ലിറ്റൽകൈറ്സ് യൂണിറ്റ് ഒരു ഇ-മാഗസിൻ പ്രകാശനം ചെയ്യുന്നു എന്നറഞ്ഞിതിൽ അതിയായി സന്തോഷിക്കുന്നു. ഈ നൂതന ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

എൻ.അശോകൻ

(പ്രിൻസിപ്പൽ)



പി. ടി.എ. പ്രസിഡന്റ്

സി.എ. ഹയർ സെക്കന്ററി സ്കൂൾ, ആയക്കാട്

## ആശംസ

ഈ വിദ്യാലയത്തിലെ ലിറ്റൽകൈറ്സ് യൂണിറ്റ് ഒരു ഇ-മാഗസിൻ പ്രകാശനം ചെയ്യുന്നു എന്നറഞ്ഞിതിൽ അതിയായി സന്തോഷിക്കുന്നു . കുട്ടികളുടെ ഐ.ടി. വൈദഗ്ധ്യത്തോടൊപ്പം അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കാനുള്ള ഒരു വേദി കൂടിയാണ് ഇ-മാഗസിൻ .. കുട്ടികളുടെ ഈ ഉദ്യമത്തിന് അവരെ അനുമോദിക്കുന്നതോടൊപ്പം ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

എം.കെ.സുരേന്ദ്രൻ

( പി.ടി.എ. പ്രസിഡന്റ് )



# ***സന്ദേശം***

***മിന്നിയും തിളങ്ങിയും നില്ക്കുന്ന ഞങ്ങളുടെ സർഗാത്മകമായ ഞങ്ങൾ ഇവിടെ നിങ്ങൾക്കായ് തുറന്നുവയ്ക്കുന്നു പുസ്തകതാളുകളിലെ അക്ഷരങ്ങളെ തന്റെ സ്ക്രീനിൽ കാണണമെന്നുള്ള കംപ്യൂട്ടറുകളുടെയും അതിന്റെ സ്ക്രീൻ എനിക്കു കാണണം എന്ന് ആഗ്രഹിക്കുന്ന അക്ഷരങ്ങളുടെയും ആശ ഇവിടെ സഫലീകരിക്കാൻ പോകുന്നു അക്ഷരങ്ങളുടെയും , പുസ്തകതാളുകളുടെയും നിറം കുറയുന്ന ഈ കാലത്ത് അവയ്ക്ക് നിറം നല്കാൻ ഞങ്ങളുടെ ഈ മാഗസിൻ ഇവിടെ തുറക്കുന്നു.***

***അഗ്നി ആഷിക്***

***(എഡിറ്റർ)***

## *വിദ്യാലയ ചരിത്രം*



പാലക്കാട് ജില്ലയിലെ മറ്റ് പ്രദേശങ്ങളിൽ നിന്നും വിഭിന്നമായി തനതായ സംസ്കാരവും ജീവിതരീതികളും നിലനിൽക്കുന്ന ഒരു പഞ്ചായത്താണ് വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്. ജില്ലാതിർത്തിയിൽ തൃശ്ശൂരിനോട് ചേർന്നുകിടക്കുന്ന പ്രദേശം. വടക്കഞ്ചേരി പഞ്ചായത്തിലെ ര ് ഹയർസെക്ക റിസ്കൂളിൽ ഒന്നാണ് 1041ൽ സ്ഥാപിതമായ ആയക്കാട് സി.എ ഹയർസെക്കന്ററി സ്ക്കൂൾ. ഇടത്തരം കർഷകരും കർഷകത്തൊഴിലാളികളും ചെറുകിട വ്യാപാരികളും കൈവേലക്കാരും അധിവസിക്കുന്ന ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ മണ്ഡലത്തിൽ കഴിഞ്ഞ 76 വർഷങ്ങളുടെ നിറസാന്നിധ്യംകൊ ് അനുഗൃഹീതമാണ് സി.എ. ഹൈസ്ക്കൂൾ. തദ്ദേശവാസികളുടെ ആഗ്രഹങ്ങൾക്കൊത്ത് ഉയരണമെങ്കിൽ ഈ വിദ്യാലയത്തിന് ഇനിയും ധാരാളം കാര്യങ്ങൾ ചെയ്യാനു ്. സർക്കാറിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സമൂഹത്തിന്റെ സഹായസഹകരണങ്ങൾ ലഭ്യമാക്കേ തു ്.

1930ൽ ഒരു ഓലഷെഡിൽ ആരംഭിച്ച എൽ.പി.സ്കൂളാണ് 1941 ൽ ഹൈസ്കൂൾ ആയി ഉയർത്തി ചാമി അയ്യർ ഹൈസ്കൂൾ എന്ന പേരിലറിയപ്പെട്ടുതുടങ്ങുന്നത്. സ്ഥാപകനായ ചാമി അയ്യരുടെ മകൻ ശ്രീ.പി. ശർമ്മ മാസ്റ്ററാണ് (1941 1975) വരെ വിദ്യാലയത്തിന്റെ പ്രധാന അധ്യാപകൻ.

1961ൽ ശർമ്മ മാസ്റ്റർ ഇന്ത്യൻ രാഷ്ട്രപതി ഡോ. ഇ.രാധാകൃഷ്ണനിൽ നിന്നും ദേശീയ അധ്യാപക പുരസ്കാരം ഏറ്റുവാങ്ങി. ശർമ്മ മാസ്റ്ററുടെ നേതൃത്വത്തിൽ ഈ വിദ്യാലയത്തെ അനുദിനം പ്രശസ്തിയിലേക്ക് നയിച്ചു. 1980 കൾ വരെ ഈ വിദ്യാലയത്തിലേക്ക് വിദൂരമേഖലകളിൽ നിന്നുപോലും വിദ്യാർത്ഥിവിദ്യാർത്ഥിനികൾ

വന്നുചേർന്നരുന്നു. 2004 ഈ വിദ്യാലയം ശ്രീ. ബാലൻ ഏറ്റെടുത്തു. ശ്രീ.കെ.എം മൂസ മാനേജറായി ചുമതല ഏറ്റു. 2010ൽ വിദ്യാലയം ഒരു ഹയർസെക്ക റിയായി ഉയർത്തപ്പെട്ടു. സയൻസ്, കൊമേഴ്സ് വിഭാഗങ്ങളിലായി 3 ബാച്ചുകളാണ് ഉള്ളത്.

പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി NCC, Scouts &Guides , Junior Red cross, സൗഹൃദ ക്ലബ്ബ് NSS എന്നിവ സജീവമായി പ്രവർത്തിക്കുന്നു ്. പ്രശസ്തരായ ഒരു വലിയ പൂർവ്വ വിദ്യാർത്ഥി സമ്പത്ത് ഈ വിദ്യാലയത്തിന് അവകാശപ്പെടാനു ്. മുൻമന്ത്രിമാരായ വി.സി. കബീർ. കെ.ഇ ഇസ്മയിൽ തുടങ്ങി നിരവധി ഉന്നത ഉദ്യോഗസ്ഥരും ഇതിൽപ്പെടും.

2010ലാണ് സി.എ. ഹൈസ്കൂൾ ഹയർസെക്ക റിയായി അപ്ഗ്രേഡ് ചെയ്തത്. 2010ൽ ആരംഭിച്ച സയൻസ് (കമ്പ്യൂട്ടർ സയൻസ്) കൊമേഴ്സ് (സ്റ്റാറ്റിസ്റ്റിക്സ്) ബാച്ചുകളിലെയും 2013ൽ ആരംഭിച്ച കൊമേഴ്സ് (കമ്പൂട്ടർ അപ്ലിക്കേഷൻ)) ബാച്ചുകളിലെയും അടക്കം 360 ഓളം വിദ്യാർത്ഥികളാണ് ഹയർസെക്ക റി വിഭാഗത്തിൽ പഠിക്കുന്നത്.

ആറ്ക്ലാസ് റൂമുകളും,ര ് സ്റ്റാഫ് റൂമുകളും, മൂന്ന് ലബോറട്ടറി റൂമുകളും, ഒരു ഓഫീസ് മുറിയും ഒരു ഓഡിയോ വിഷൽ റൂമും ഉൾപ്പെട്ടതാണ് ഹയർ സെക്ക റി ബ്ലോക്ക്. ഇതിൽ നാല് ക്ലാസ് മുറികൾ ഫാൻ, ലൈറ്റ് സഹിതം പൂർണ്ണമായും വൈദ്യുതീകരിച്ചതാണ്. നൂറ് കസേരകളും, ശബ്ദസംവിധാനവും അടങ്ങുന്നതാണ് ഓഡിയോ വിഷൽ റൂം. സ്കൂളിലെ പൊതുപരിപാടികൾ നടത്താൻ ഉതകുന്ന ഓഡിറ്റോറിയവും ഇതിന്റെ ഭാഗമാണ്. പെൺകുട്ടികൾക്കായി പന്ത്ര ് ടോയ്‌ലറ്റുകളും, ആൺകുട്ടികൾക്കായി ആറ് ടോയ്‌ലറ്റുകളും, ആവശ്യത്തിന് യൂറിനൽസും ഉ ്. മുപ്പതോളം കമ്പ്യൂട്ടറുകൾക്ക് ബാക്ക് അപ് നൽകാൻ ശേഷിയുള്ള (5KV) UPS സംവിധാനമു ്. ത്രീഫേസ് ഇലക്ട്രിക് കണക്ഷൻ, ഗവൺമെന്റ് വാട്ടർ കണക്ഷൻ, ഒപ്ടിക്കൽ ഫൈബർ ഇന്റർനെറ്റ് കണക്ഷൻ എന്നിവയും ഭംഗിയായി പ്രവർത്തിച്ചുവരുന്നു. വിശാലമായ കളിസ്ഥലം, സുഗമമായ യാത്രാസൗകര്യം എന്നിവയും പ്രത്യേകം പരാമർശിക്കുന്നു. മൂന്ന് വർഷം മുൻപ് തുടങ്ങി ഇപ്പോഴും നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്ന കുട്ടികളുടെ ഓൺലൈൻ ആബ്സന്റീസ് സിസ്റ്റം (SS Diary) ന് വളരെ പ്രതികരണമാണ് ലഭിക്കുന്നത്.

സ്കൂളിലെ നാഷണൽ സർവ്വീസ് സ്ക്കീമിന്റെ യൂണിറ്റിൽ 100 വിദ്യാർത്ഥികളാണ് സന്നദ്ധപ്രവർത്തനം നടത്തുന്നത്. സ്കൂളിൽ ജൈവകൃഷി നടത്തിയും, തുണിസഞ്ചികൾ

അടിച്ച് വിതരണംം ചെയ്തും ഓർഫനേജിന് വാഷിംഗ് മെഷീൻ സമ്മാനിച്ചും തൊഴിൽ പരിശീലനം അഭ്യസിച്ചും അവർ വ്യത്യസ്തരായി. ഈ വർഷം ആരംഭിച്ച് സ്ക്കൗട്ട് & ഗൈഡ് യൂണിറ്റ് സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ തിളങ്ങിനിൽക്കുന്നു. അവർ നിയമബോധവൽക്കരണം നടത്തിയും, ലഹരി നിർമാർഗ്ഗനത്തിന്  നേതൃത്വം നൽകിയും പ്രഥമ ചികിത്സ പരിശീലനം നടത്തിയും സമൂഹത്തിൽ ഇടപ്പെട്ടു. സൗഹൃദ ക്ലബ്ബ് കുട്ടികളുടെ മാനസിക ഉല്ലാസം ഉത്തേജിപ്പിക്കാനും അതുവഴി മികച്ച ഒരു തലമുറയെ വാർത്തെടുക്കാനും ഉതകുന്ന ക്ലാസുകളും ശില്പശാലകളും സംഘടിപ്പിച്ചു. ASAP ന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് വിനിമയത്തിനും IT ഉന്നമനത്തിനും അതുവഴി സമൂഹനന്മ ലക്ഷ്യം വെച്ചു.



**(C.S. SARMA)**

# ആയക്കാട് എന്റെ ഗ്രാമം



പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ വടക്കഞ്ചേരി, കണ്ണമ്പ്ര എന്നെ പഞ്ചായത്തിലായി രണ്ടു വാർഡുകളിൽ വ്യാപിച്ചു കിടക്കുന്ന പ്രദേശമാണ് ആയക്കാട്. വടക്കഞ്ചേരി പഞ്ചായത്തിലെ മൂന്നാം വാർഡ് മുഴുവനും രണ്ടാം വാർഡിലെ ഏതാനും വീടുകളും, കണ്ണമ്പ്ര പഞ്ചായത്തിലെ പതിനാലാം വാർഡും ഉൾപ്പെട്ട കൊച്ചു ഗ്രാമമാണ് ആയക്കാട്. വടക്കഞ്ചേരി പുതുക്കോട് റോഡിൽ കൊന്നഞ്ചേരി മുതൽ പുളിങ്കൂട്ടം വരെയുള്ള പ്രദേശങ്ങളും ഉൾപ്രദേശങ്ങളും ഈ ഗ്രാമത്തിൽ ഉൾപ്പെടും. പ്രദേശം പൂർണ്ണമായും വടക്കഞ്ചേരി 2 വില്ലേജിൽ ആണ്. കൊന്നഞ്ചേരി, ആയക്കാട്, ചല്ലിത്തറ, ആയക്കാട് ഗ്രാമം, കൂമൻകോഡ്, ചുണ്ടക്കാട്, അടിയത്തൂപാടം ചെറുകണ്ണമ്പ്ര തുടങ്ങിയ ഭാഗങ്ങൾ ആയക്കാടിൽ ഉൾപ്പെടും കാരായങ്കാട്, മഞ്ഞപ്ര, മംഗളം പുഴ, ചെക്കിണി എന്നിവയാണ് നാലതിരുകൾ.

## പേരിന്റെ ഉൽപ്പത്തി

ആയർകാട് എന്ന പദം ലോപിച്ചിട്ടാണ് ആയക്കാട് എന്ന പദം ഉണ്ടായത് എന്ന് പറയപ്പെടുന്നു. ആയുർ എന്ന പദത്തിന്റെ അർഥം ബ്രാഹ്മണൻ എന്നാണ്. തമിഴ് ബ്രാഹ്മണന്മാർ വസിച്ചിരുന്ന കാട് എന്നാണ് ചിലരുടെ മതം. എന്നാൽ അതല്ല ആയമുള്ള കാട് അഥവാ നല്ല കാട് ഇവിടെ ഉണ്ടായിരുന്നതായും ചില മതങ്ങൾ.

## ഭൂമിശാസ്ത്രം



വടക്കുകിഴക്കുള്ള മംഗലം പുഴയിലേക്ക് ചെരിഞ്ഞു കിടക്കുന്ന ഭൂപ്രകൃതിയുള്ള , നെൽകൃഷിക്ക് അനുയോജ്യമായ പാടങ്ങൾ ഉൾപ്പെട്ട മണ്ണോടു കൂടിയതാണ് ഈ പ്രദേശം. നെൽകൃഷി കഴിഞ്ഞാൽ തെങ്ങും വാഴയും ചെറുകിട പച്ച കൃഷിയും ഈ പ്രദേശത്തു ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഉയരമുള്ള കുന്നുകൾ ഈ ഭാഗത്തിലില്ല. ചല്ലിത്തറ, അടിയത്തൂപാടം, ചുങ്കത്തോടി എന്നെ മേഖലകൾ പാടശേഖരങ്ങളുടെ ബന്ധപ്പെട്ട വലിയ ജനസാന്ദ്രതയുള്ള പ്രദേശങ്ങളാണ്. മംഗളം ഡാമിൽ നിന്നുള്ള ജലം കനലുകൾ വഴി എല്ലാ പാടശേഖരങ്ങളിലും എത്തുന്നതിനാൽ നെൽകൃഷി ലാഭകരമാണ്.

## സാമൂഹിക ചരിത്രം

വടക്കേൻകേരളത്തിലെ , വിശിഷ്യാ, പാലക്കാട് ജില്ലയിലെ ഏതൊരു ഗ്രാമത്തിനും പൊതുവായ സാമൂഹിക സ്ഥിതിയാണ് ആയക്കാട് ഗ്രാമത്തിനുള്ളത് . ഒരു നൂറ്റാണ്ടിനു മുമ്പ് ജാതി വ്യവസ്ഥത കൊടികുത്തി വാഴുന്ന ഒരു പ്രദേശമായിരുന്നു ഈ പ്രദേശം. ഗ്രാമകേന്ദ്രമായ പള്ളിയറക്കാവ് താഴ്ന്ന ജാതിയിലുള്ളവർക്കു പ്രവേശനം നിഷേധിച്ചിരുന്നു. അമ്പലവാശി സമൂഹമായ നായർ, നമ്പൂതിരി സമുദായം കാവിനു ചുറ്റും, എന്നാൽ തമിഴ് ബ്രാഹ്മണ സമൂഹം (പട്ടന്മാർ) ആയക്കാട് ഗ്രാമത്തിലും, നായിക സമൂഹം (തെലുങ്ക് സമൂഹം) ചല്ലിത്തറ ഭാഗങ്ങളിലും ചെറുമ സമൂഹംകൂമ്മംകോട് ഭാഗങ്ങളിലുമാണ് ഒന്നിച്ചു പാർത്തിരുന്നത്.

## തൊഴിൽ



90% പേരും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടാണ് തൊഴിൽ ചെയ്തിരുന്നത്. ഈഴവ സമൂഹം പൊതുവെ കുടിയാന്മാരായ കർഷകരോ കര്ഷകത്തൊഴിലാളികളോ ആയിരുന്നു. ചെറുമസമൂഹവും, നായിക സമൂഹവും കര്ഷകത്തൊഴിലാളികളായും , കേട്ടുപണിക്കാരായും വർത്തിച്ചിരുന്നു. നായിക സമൂഹം ആശാരിമാരായും വസിച്ചിരുന്നു. വൈദ്യ ചികിത്സ രംഗത്ത് ബ്രാഹ്മണ , ഈഴവ സമൂഹത്തിലെ വ്യക്തികൾ പ്രവർത്തിച്ചിരുന്നു.

## വിദ്യാഭാസം

1930 കളിലാണ് ആയക്കാട് ഒരു വിദ്യാലയം ആരംഭിക്കുന്നത്. അതിനുമുമ്പ് കുടിപ്പള്ളിക്കൂടങ്ങൾ കളരി പണിക്കന്മാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്നതായി പറയപ്പെടുന്നു. മദ്രാസ് ബോർഡിന് കീഴെ ഒരു വിദ്യാലയം ഇവിടെ ഉണ്ടായിരുന്നു. അതാണ്

പിന്നീട് ചാമി അയ്യർ എന്ന മഹദ് വ്യക്തി 1941 ൽ ഒരു ഹൈ സ്കൂളായി ഉയർത്തുകയും ചാമി അയ്യർ ഹൈ സ്കൂൾ എന്ന പേരിൽ പ്രസിദ്ധിയാവുകയും ചെയ്യത്. എല്ലാ വിഭാഗത്തിലെ കുട്ടികൾക്കും പ്രവേശനം കൊടുത്തിരുന്നുവെങ്കിലും , ആദ്യകാല വിദ്യാർത്ഥികൾ ഭൂരിഭാഗവും സമ്പന്ന, സവർണ്ണ വിഭാഗത്തിൽ പെട്ട ആൺകുട്ടികൾ ആയിരുന്നു. ഇതിനു കാതലായ മാറ്റം വന്നത് 1957 ലെ കേരളം വിദ്യാഭ്യാസ ചട്ടം നിലവിൽ വന്ന ശേഷം ആയിരുന്നു. പാവപെട്ടവിഭാഗത്തിലെ കുട്ടികൾ വലിയതോതിൽ പ്രവേശനം നേടിത്തുടങ്ങി. കേരള ഭൂപരിഷ്കരണ നിയമവും ഇതിനു ആക്കം കൂട്ടി.

### രാഷ്ട്രീയ പ്രസ്ഥാനങ്ങങ്ങൾ

സ്വാതന്ത്ര്യസമരങ്ങളിൽ സജീവമായ സാന്നിധ്യമോ പ്രവർത്തനമോ ഈ ഭാഗങ്ങളിൽ ദർശിച്ചിട്ടില്ല. എന്നാൽ കാർഷികവൃത്തിയിൽ ഏർപ്പെട്ട ഏതൊരു സമൂഹത്തെയും പോലെ സജീവമായ ഇടതുപക്ഷരാഷ്ട്രീയം ദീർഘകാലം മുതൽ സമൂഹത്തിന്റെ നാനാകോണിലും പ്രകടമാണ്. കർക്ഷകപ്രസ്ഥാനങ്ങളും കമ്മ്യൂണിസ്റ് പ്രസ്ഥാനങ്ങളുടെയും ദീർഘകാല പാരമ്പര്യം ഈ സമൂഹത്തിനു എടുത്തു പറയാനുണ്ട്. ജാതിവ്യവസ്ഥക്കെതിരെയുള്ള പന്തിഭോജനങ്ങളും ക്ഷേത്രപ്രവേശനങ്ങളും ഈ സമൂഹത്തിൽ വ്യാപകമായി നടന്നിട്ടുണ്ട്.

### ആഘോഷങ്ങൾ

പള്ളിയറ ഭഗവതി ക്ഷേത്രവുമായി കേന്ദ്രീകരിച്ചാണ് ഉത്സവങ്ങൾ നടത്തപ്പെട്ടിരുന്നത്.ചെറുകണ്ണമ്പ്ര , ആയക്കാട്, കൊന്നഞ്ചേരി എന്നെ പ്രദേശങ്ങളിലെ മന്ദുകൾ കേന്ദ്രീകരിച്ചു വേലകൾ നടത്തി വരുന്നു.എല്ലാ ആഘോഷങ്ങൾക്കും ദേവിയുടെ സാന്നിധ്യം ഉണ്ടാക്കാൻ ഗ്രാമവാസികൾ ശ്രമിക്കുന്നു. ഇതിന്റെ ഭാഗമായി, നായർ സമുദായം കുമ്മാട്ടിക്കളിയും, ചെറുമാസമുധായം വട്ടക്കളിയും നടത്തി വരുന്നു. തെലുങ്ക് സമുദായമായ നായിക സമുദായം പണ്ട് ഈ ആഘോഷങ്ങളിൽ പങ്കെറ്റുതിരുന്നില്ല . തമിഴ് ബ്രാഹ്മണ സമുദായങ്ങളായ പട്ടർ വിഭാഗങ്ങളും ഈ ആഘോഷങ്ങളിൽ മുകാലങ്ങളിൽ പങ്കെടുത്തിരുന്നില്ല. നായിക സമുദായം മാരിയമ്മൻ പൂജ വിപുലമായി കൊണ്ടാടിയിരുന്നു.

### ഉപസംഹാരം

ചരിത്രമുറങ്ങുന്ന നാട് എന്ന് ആയക്കാടിനെ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. എന്നാൽ കേരളത്തിലെ മിക്ക ഗ്രാമങ്ങളുടെയും അടിസ്ഥാന സാമൂഹിക സാമ്പത്തിക ചരിത്രം തന്നെയാണ് ആയക്കടിനും. എങ്കിലും, പള്ളിയറക്കവും, സി.എ. ഹൈ സ്കൂൾ, ആയക്കാട് ഈ ചരിത്രത്തിനു വ്യത്യസ്ത മാനങ്ങൾ നൽകുന്നുണ്ട്. ദീർഘവീക്ഷിയായ ശർമ മാസ്റ്ററും കുടുംബവും നൽകിയ ഈ വിദ്യാലയം ആയക്കാടിന്റെ വിദ്യാഭ്യാസ, സാമൂഹിക പരിവർത്തനങ്ങളിൽ നൽകിയ പങ്ക് അതുല്യമാണ്. സാമൂഹികമായ കൂട്ടായ്മയും ഒരുമയും ലക്ഷ്യബോധവും നൽകാൻ പള്ളിയറക്കാവ്ബന്ധപ്പെട്ട ആചാര ആഘോഷങ്ങൾ ജനങ്ങൾക്കു നൽകി. ഇന്ന്, സാമൂഹികമായും , സാമ്പത്തികമായും , വിദ്യാഭ്യാസപരമായും മുൻപന്തിയിൽ നിൽക്കുന്ന ഒരു സമൂഹമായി ആയക്കാട് സമൂഹം മാറിയതിന്റെ മുഖ്യ പങ്കും ഈ പൊതുസ്ഥാപനങ്ങൾക്കും പുരോഗമനപ്രസ്ഥാനങ്ങൾക്കും ഉള്ളതാണ്.

സാമൂഹിക ശാസ്ത്ര ക്ലബ് പ്രൊജക്റ്റ് (ഗൈഡ് : ജയവല്ലി ടീച്ചർ. )

# ***പാലക്കാട്***

കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്. ആസ്ഥാനം പാലക്കാട് നഗരം. 2006ലാണ് പാലക്കാടിന് ഏറ്റവും വലിയ ജില്ല എന്ന പദവി ലഭിച്ചത്. അതിനു മുൻപ് ഇടുക്കി ജില്ലയായിരുന്നു, കേരളത്തിലെ ഏറ്റവും വലിയ ജില്ല. ഇടുക്കി ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്ത് എറണാകുളം ജില്ലയോട് ചേർന്നതോടെയാണ് ഇടുക്കി ജില്ലയ്ക്ക് ഒന്നാംസ്ഥാനം നഷ്ടപ്പെട്ടത്. തെക്ക് തൃശ്ശൂർ, വടക്ക് മലപ്പുറം, കിഴക്ക് തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ല, പടിഞ്ഞാറ് മലപ്പുറവും തൃശ്ശൂരും എന്നിവയാണ് സമീപ ജില്ലകൾ. ഭാരതപ്പുഴയാണ് പ്രധാന നദി. ജില്ല മുഴുവൻ  ഭാരതപ്പുഴയുടെ നദീതടപ്രദേശത്താണ് പശ്ചിമഘട്ടത്തിലെ ഏറ്റവും വലിയ കവാടം പാലക്കാട് ജില്ലയിലെ വാളയാർ ചുരമാണ്. ഈ ചുരത്തിന്റെ സാന്നിധ്യംമൂലം കേരളത്തിലെ ഇതര ജില്ലകളിൽ നിന്നു വ്യത്യസ്തമായി. ഇവിടെ തമിഴ്നാട്ടിലേതുപോലെ വര□ കാലവസ്ഥയാണ്.

## ***പാലക്കാടിന്റെ ചരിത്രം***

നെടുംപൊറൈയൂർ സ്വരൂപമായിരുന്നു. ആദ്യ പാലക്കാട് രാജകുടുംബം എ.ഡി ഒന്നാം നൂറ്റാ□ിൽ 'പൊറൈനാട്' എന്നായിരുന്നു പാലക്കാടിന്റെ പേര്. കോഴിക്കോട് സാമൂതിരി പാലക്കാട് പിടിച്ചടക്കി.പാലക്കാട് രാജാവ് കോമി അച്ചൻ മൈസൂർ രാജാവിന്റെ

സഹായം തേടി. മൈസൂർ സൈന്യം വന്നപ്പോഴേക്കും സാമൂതിരി നാടുവിട്ടു. പിന്നീട് ഹൈദരാലി പാലക്കാട് പിടിച്ചു. ഹൈദരാലിയുടെ 1766-77 കാലത്ത് നിർമ്മിച്ചതാണ് ഇന്നു കാണുന്ന പാലക്കാട് കോട്ട. സാമൂതിരിയും ബ്രിട്ടീഷുകാരും ചേർന്ന് 1703ൽ കോട്ട പിടിച്ചെടുത്തെങ്കിലും ടിപ്പു സൈന്യവുമായി വന്നപ്പോൾ സാമൂതിരി പിന്മാറി. ടിപ്പുവും ഇംഗ്ലീഷുകാരും തമ്മിൽ നടന്ന യുദ്ധത്തേത്തുടർന്ന് 1792ൽ പാലക്കാട് ബ്രിട്ടീഷ് അധീനതയിലായി.

ബ്രിട്ടീഷ് ഭരണകാലത്ത് മദ്രാസ് ദേശത്തിന് കീഴിലെ മലബാർ ജില്ലയുടെ ഭാഗമായിരുന്നു പാലക്കാട്. സ്വാതന്ത്ര്യത്തിന് ശേഷം അത് മദ്രാസ് സംസ്ഥാനത്തിന് കീഴിലായി. 1956ൽ കേരളം രൂപീകൃതമായപ്പോൾ സംസ്ഥാനത്തിന് കീഴിലെ ഒരു പ്രത്യേക ജില്ലയായി പാലക്കാട് മാറ്റപ്പെട്ടു. 1957 ജനുവരി ഒന്നിനാണ് പാലക്കാട് രൂപം കൊ□ ത്. അന്നത്തെ മലബാർ ജില്ലയെ മൂന്നായി വിഭജിച്ച് പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകൾ രൂപവത്കരിക്കുകയായിരുന്നു. കേരളത്തിന്റെ ഏറ്റവും പുരാതനവും സമ്പന്നവുമായ സാംസ്കാരിക പൈതൃകം എന്ന ഖ്യാതി പാലക്കാടിനു□ ്.

## ക്യൂ നിൽക്കുന്നവർക്ക് മദ്യമല്ല : ചികിത്സയാണ് വേ□ ത്

*Shamna. H (CS1)*

ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യനിരോധനത്തെ തുടർന്ന് അവശേഷിക്കുന്ന മദ്യശാലകൾക്ക് മുന്നിലെ ക്യൂവാണ് ഇപ്പോഴത്തെ ചർച്ചാവിഷയം. കിലോമീറ്ററോളം നീളുന്ന ക്യൂ കേരളത്തിൽ നടക്കുന്ന മദ്യകച്ചവടത്തിന്റെ നേർസാക്ഷ്യമാണ് എന്നതിൽ തർക്കമില്ല. എന്നാലിത് നമ്മിൽ ഉണർത്തേ□ ത് ആത്മരോഷമല്ല മറിച്ച് രോഗതുരമായ കേരളീയ സമൂഹത്തെകുറിച്ചുള്ള ആത്മനൊമ്പരമാകണം. മദ്യം ലഭിക്കാതാവുമ്പോൾ കൈകാലുകൾ വിറക്കുന്നവർ മദ്യാസക്തരോഗികളാണ്. അവർക്ക് വേ□ ത് മദ്യമല്ല മദ്യവിമുക്തിസം ലഭ്യമാക്കുന്ന ചികിത്സാകേന്ദ്രങ്ങളാണ്. ഒരാൾ ക്യൂ നിന്ന് മദ്യം വാങ്ങുമ്പോൾ അഞ്ചിരിട്ടി മനുഷ്യർ വ്യത്യസ്തമായ മനസ്സോടെ വീടുകളിൽ ഇരിപ്പു□ ്. അവരുടെ ദു:ഖവും കണ്ണുനീരും ദുരന്തങ്ങളും ആരും മനസ്സിലാക്കുന്നില്ല.

ലഹരി പിടിപ്പിക്കുന്ന ഏതുതരം പാനീയവും ദോഷകരമായ അളവിൽ കുടിക്കുന്ന ശീലത്തെ മദ്യാസക്തി എന്നുപറയാം. ഇങ്ങനെ മദ്യപിക്കുന്നവർക്ക് മദ്യത്തിന്റെ ഉപയോഗത്തിലുള്ള എല്ലാ നിയന്ത്രണവും വിട്ടുപോകും. മദ്യം കഴിക്കാതിരിക്കാൻ സാധിക്കാതെയും വരും. നിയന്ത്രണം വിട്ട കുടിയും മദ്യത്തോടുള്ള മാനസികവും ശാരീരികവുമായ ആശ്രയത്വം മദ്യാസ്കതി എന്ന രോഗത്തിന്റെ ലക്ഷണങ്ങളാണ്. 1956ൽ ലോകാരോഗ്യസംഘടന (WHO)മദ്യാസ്ക്തിയെ രോഗമായി പ്രഖ്യാപിച്ചു. അതേ വർഷം ഐക്യരാഷ്ട്രസംഘടന ഇക്കാര്യം ആവർത്തിച്ചുറപ്പിച്ചു. 1957ൽ അമേരിക്കൻ സൈക്ക്യാട്രിസ്റ്റ് (APA) ഇത് സ്വീകരിച്ചു. മാനസികവും ശാരീരികവും വൈകാരികവുമായ പ്രശ്നങ്ങളിലേക്കും പ്രതിസന്ധികളിലേക്കും നയിക്കുന്ന രോഗമായിട്ടാണ് മദ്യാസക്തിയെ ഇന്ന്

കണക്കാക്കുന്നത്. ലോകാരോഗ്യസംഘടന മദ്യാസക്തിയെ ഇങ്ങനെ നിർവ്വഹിക്കുന്നു‘‘ആരുടെയെങ്കിലും മദ്യാശ്രയംശ്രദ്ധേയമായ മാനസികവുമായ ആരോഗ്യാവസ്ഥ, വ്യക്തിബന്ധങ്ങൾ. സാമൂഹികവും സാമ്പത്തികവുമായ കർത്തവ്യങ്ങളുടെ സുഗമമായ നിർവ്വഹണം എന്നിവയ്ക്ക് ശല്യമാകുകയും ചെയ്യുന്നെങ്കിൽ അപ്രകാരം അമിതമായി മദ്യപിക്കുന്നവരെത്രേ മദ്യാസ്കതരോഗികൾ’’. ശാരീരികവും , മാനസികവും, ആത്മീയം, കുടുംബപരം, സാമൂഹികം എന്നിങ്ങനെ അഞ്ച് തലങ്ങളിലുള്ള രോഗാവസ്ഥയാണ് മദ്യാസക്തി. ചികിത്സ അർഹിക്കുന്ന രോഗമായി മദ്യാസക്തിയെ കാണണം. വൈദ്യശാസ്ത്രപരമായും മനശാസ്ത്രപരവുമായ തലങ്ങളിലും ആത്മീയതലത്തിലും ഈ രോഗത്തെ ചികിത്സിച്ച് സുഖപ്പെടുത്തേ□ിയിരിക്കുന്നു. ലഹരി പദാർത്ഥങ്ങൾക്ക് മനുഷ്യന്റെ മസ്തിഷ്കത്തിൽ സ്വാധീനം ചെലുത്താനാകും എന്നതുകൊ□ുതന്നെ താൽക്കാലികമായുള്ള ലഹരി ഉപയോഗം പോലും ആസക്തിയ്ക്ക് കാരണമാകും. ജനിതക സിദ്ധാന്തമനുസരിച്ച് മദ്യത്തിനടിമയായ വ്യക്തിയുടെ മക്കളോ പേരക്കിടാങ്ങളോ എളുപ്പം മദ്യത്തിലേക്ക് വഴുതി വീഴാം. മദ്യപന്റെ മക്കളുടെ “Brain chemistry” മദ്യാസക്തിയുടെ പ്രേരകഘടകം അടങ്ങിയിട്ടു□്. പത്തുപേരിൽ2പേർ മദ്യാസ്കതരാകുന്നുവെങ്കിൽ ആ ര□ുപേർ മദ്യപരുടെ മക്കളാകും. ജോർജ്ജ് മെൻഡലിന്റെ ജനിതക സിദ്ധാന്തമനുസരിച്ച് മദ്യപരുടെ ഏഴുതലമുറ വരെ മദ്യാസക്തി പ്രവണത കാണിക്കാനിടയു□്. അതുകൊ□ുതന്നെ പാരമ്പര്യ സാധ്യത കണക്കിലെടുത്ത് മദ്യപരുടെ മക്കൾ ‘ആദ്യപെഗ്ഗ്’ തന്നെ ഒഴിവാക്കണം.

കേരളത്തിലെ ജനസംഖ്യയിൽ 17.20%പേർ മദ്യപരാണ്.47 ലക്ഷം പേർ മദ്യപിക്കുന്നു□്. 17 ലക്ഷം പേർ ദിവസവും മദ്യപിക്കുന്നു. 8-10ലക്ഷം പേരെങ്കിലും ക്യൂ നിന്നും അല്ലാതെയും മദ്യം വാങ്ങുന്നു□്. ഇവരിലെ മദ്യാസ്ക്തരോഗികളെ ചികിത്സിച്ചു സുഖപ്പെടുത്തേ□തു□്. എന്നാലിവരെ

ചികിത്സിക്കുന്നതിന് ആവശ്യമായ ചികിത്സാകേന്ദ്രങ്ങളോ വിദഗ്ധരോ ഇല്ലെന്നുള്ളത് പോരായ്മ തന്നെയാണ്. കേരളത്തിലെ ജില്ല, താലൂക്ക് ജനറൽ ആശുപത്രികളിലായി 9ഡി-അഡിക്ഷൻ സെന്ററുകളേ ഉള്ളൂ. 3 മാനസികാരോഗ്യ കേന്ദ്രത്തിലും 5 മെഡിക്കൽ കോളേജുകളിലും മാത്രമേ സർക്കാർ ലഹരി വിമുക്ത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുള്ളൂ. കേരളത്തിൽ 70ലേറെ സർക്കരിതര മാനസികാരോഗ്യ കോന്ദ്രങ്ങളു□ ങ്കിലും Mental Health Authority യുടെ ലൈസൻസുള്ളവ കുറവാണ്. കേരളത്തിൽ സൈക്യാട്രിസ്റ്റുകളുടെ എണ്ണം പരിമിതമാണ്. കൂടാതെ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, സൈക്യാട്രി, സോഷ്യൽ വർക്കർ സൈക്യാട്രിക് നഴ്സ് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരും ആവശ്യത്തിനില്ല. കേരളത്തിൽ നിലവിലുള്ള ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങളിൽ 64 സൈക്യാട്രിസ്റ്റുകളേ ഉള്ളൂ. ഒരിടത്തും കുട്ടികളെ നോക്കുന്ന സൈക്യാട്രിസ്റ്റുകളില്ല.

മദ്യാസക്തരെ ചികിത്സിച്ച് സുഖപ്പെടുത്തുവാൻ സർക്കാർ തലത്തിൽ നൂതന പദ്ധതികൾ ആരംഭിക്കണം. കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളെ ഡി-അഡിക്ഷൻ കേന്ദ്രങ്ങളാക്കി മാറ്റണം. കിടത്തി ചികിത്സിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണം. ലഹരി ഉപയോഗം മൂലം ഉ□ ാവുന്ന മാനസിക വൈകല്യങ്ങൾക്കുള്ള ചികിത്സാ വിദഗ്ദരുടെ മേൽനോട്ടത്തിൽ നടത്തണ.ം ഒരു പൊതുജനാരോഗ്യ പ്രശ്നമെന്ന നിലയിൽ ഈ വിപത്തിനെ സമീപിക്കണം. മറ്റു രോഗങ്ങൾക്കുള്ള ചികിത്സയോടൊപ്പം ഈ പ്രശ്നം കൈകാര്യം ചെയ്യാൻ സാധാരണ ഡോക്ടർമാരെ കൂടി പ്രാപ്തരാക്കണം. പുതിയ ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങൾ ഗ്രാമീണ മേഖലകളിൽ ആരംഭിക്കണം. Mental Health Authority യുടെ വ്യവസ്ഥകളിൽ കീഴിൽ സാധാരണ ഡോക്ടർമാർക്കും സൈക്കോളജിസ്റ്റുകൾക്കും പരിശീലനം നൽകി ലഹരി വിമുക്ത ചികിത്സ

വ്യാപകമാക്കണം. എന്നാൽ മാത്രമേ ആവശ്യമായവർക്കെല്ലാം ചികിത്സ നൽകി മദ്യവിമുക്തി സാധ്യമാവാൻ കഴിയൂ.

നാഷണൽ മെന്റൽ ഹെൽത്ത് സർവ്വേ പ്രകാരം ഇന്ത്യയിൽ 10.7% ത്തോളം പേർ മാനസികാരോഗ്യപ്രശ്നമുള്ളവരാണ്. മദ്യപാനവും മറ്റുലഹരി വസ്തുക്കളുടെ ഉപയോഗവും മൂലം മാനസിക പ്രശ്നങ്ങളു□ ാവാം. ചിലർ മാനസിക പ്രശ്നങ്ങൾമൂലം മദ്യപിക്കുന്നവരാണ്. മനോരോഗങ്ങൾക്ക് 17.6% കാരണം മദ്യപാനമാണ്. 100 മദ്യപരിൽ 18 പേർക്ക് ഏതെങ്കിലും തരത്തിലുള്ള മനോരോഗം ബാധിക്കുന്നു□ ്. 100 മദ്യപരുടെ കുടുംബമെടുത്താൽ അതിൽ 7 കുടുംബങ്ങളിലും മനോവൈകല്യമുള്ളവർ ജനിക്കുന്നു. മദ്യപാനംമൂലം 8 ലക്ഷം പേർ കരൾരോഗികളായി മാറിയിട്ടു□ ് ജനസംഖ്യയുടെ 3.1% മാത്രമുള്ള കേരളത്തിലാണ് ഇന്ത്യയിലെ ആത്മഹത്യയുടെ 10% നടക്കുന്നത് ഒരു ലക്ഷത്തിൽ 25.3 പേർ കേരളത്തിൽ ആത്മഹത്യ ചെയ്യുന്നു. കുടുംബ ആത്ഹത്യകളുടെ പിന്നിലും മദ്യമാണ്.. മുമ്പ് 300 പേരിൽ ഒരാൾ മദ്യപിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 20 പേരിൽ ഒരാൾ മദ്യപിക്കുന്നു. ജനസംഖ്യയിൽ 5% പൂർണ്ണമായി മദ്യത്തിനടിമകളായി മാറി. 1980ൽ മദ്യം ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസ്സായിരുന്നു. ഇപ്പോഴത് 10, 12 വയസ്സിലെത്തി നിൽക്കുന്നു. ഡി – അഡിക്ഷൻ സെന്ററുകളിലെല്ലാം ഇപ്പോൾ രക്ഷിതാക്കൾ കുട്ടികളെയും കൂട്ടി എത്തുന്നു□ ്. ലഹരി ഉപയോഗവും വർദ്ധിക്കുകയാണ്. കുട്ടികൾ ലഹരിക്ക് അടിമപ്പെടുന്നു എന്ന് മനസിലാക്കിയാൽ ഉടനെ കൗൺസിലിങ്ങിന് വിധേയമാക്കുകയോ അടുത്തുള്ള ലഹരിമോചനചികിത്സാകേന്ദ്രത്തിൽ എത്തിക്കുകയോ ചെയ്യണം.

ലോകരോഗ്യസംഘടന ത്രിമാന പദ്ധതിയാണ് മദ്യനിരോധനത്തിനായി മുന്നോട്ടുവെക്കുന്നത് Supply Reduction, Demand Deduction, Risk Deduction എന്നിവയാണവ. ലഭ്യത ലഘൂകരിക്കാൻ നടപടിയാണ് മദ്യശാലകളുടെ എണ്ണം കുറച്ചുകൊ□ ുവരുന്നതിലൂടെ ഉദ്ദേശിക്കുന്നത്.



ഘട്ടംഘട്ടമായി മദ്യലഭ്യത കുറക്കുകതന്നെ വേണം. അതിനാൽ മദ്യശാലകൾ മാറ്റി സ്ഥാപിച്ച് മദ്യഉപയോഗം ഇനി വർദ്ധിപ്പിക്കരുത്. അതോടൊപ്പം ആവശ്യകത കുറക്കണം. ആവശ്യപ്പെടുന്നതിന്റെ എണ്ണം കുറക്കാൻ ശക്തമായ ബോധവൽക്കരണശ്രമങ്ങൾ നടത്തണം. മദ്യപാനത്തെ പ്രോൽസാഹിപ്പിക്കുകയും മാന്യവൽക്കരിക്കുകയും വാണിജ്യ വൽക്കരിക്കുകയും ചെയ്യുന്ന നിലപാടികൾ സർക്കാർ ഇനിയും സ്വീകരിക്കരുത്. മദ്യാസക്തരെ ചികിത്സിച്ച്, മദ്യവിമുക്തരാക്കി അപകടസിദ്ധി ലഘൂകരിക്കണം. അങ്ങനെ ഘട്ടഘട്ടമായി കേരളത്തെ ലഹരി വിമുക്തമാക്കണം.

കേരളത്തിൽ മദ്യപാനത്തിന്റെ ഗ്രാഫ് ഉയരുന്നതിന്റെ സാമൂഹിക സാംസ്കാരിക സാമ്പത്തിക ആരോഗ്യപ്രശ്നങ്ങളെ കുറിച്ച് സർക്കാരും ജനങ്ങളും കൂടുതൽ ജാഗ്രതപുലർത്തണം. മദ്യം എന്ന മരണസംസ്കാരം കേരളത്തെ പിടിമുറുക്കുന്നതിന്റെ സാഹചര്യം ശാസ്ത്രീയമായി പഠനവിധേയമാക്കി പരിഹാരം ക□ ത്തണം. മദ്യാസക്തിക്കെതിരെ രാഷ്ട്രീയ സാമൂഹിക ജാതിമത ചിന്തകൾക്കതീതമായി ജനം ഉണരാൻ സമയമായി. ലഹരിക്കെതിരായ പോരാട്ടത്തിൽ നാം കാണിക്കുന്ന അലസതക്കും പ്രതികരണമില്ലായ്മയ്ക്കും വലിയ വില കൊടുക്കേ□ ിവരും. വലിയ നിലവിളികൾക്ക് നിസ്സഹായരായി നിൽക്കേ□ ി വരും. മാരകമായ തെറ്റുകൾക്ക് മുമ്പിൽ ശക്തരാകേ□ ിവരും തലമുറകൾ ശാപഗ്രസ്ഥമായി സമൂഹം മുഴുവൻ നാശത്തിലേക്ക് വീഴുമ്പോൾ നിഷ്ക്രിയമായി പോകുന്ന ദുരവസ്ഥ നമുക്കു□ ാവരുത്. ജനം ഉണർന്ന് ചോദിച്ചാൽ ഉത്തരമു□ ാവും. ആരും മാറിനിൽക്കാതെ പരസ്പരം പഴിചാരാതെ ഒന്നിച്ചുപ്രവർത്തിക്കുക. ഇനി ഒരാൾപോലും ലഹരിയുടെ മോഹവലയത്തിൽപ്പെടാൻ അനുവദിച്ചുകൂടാ. ഭാവിപ്രതീക്ഷകൾക്ക് മേൽ കരിനിഴൽ വീഴ്ത്തി ലഹരിവാഴ്ചക്കെതിരെ നമുക്ക് കൈകൾ കോർക്കാം സംഘടിക്കാം

## *എന്താണീ തീറ്റ*

*Ankith. V.A*

കൃത്യമായി പറഞ്ഞാൽ ആറാം ക്ലാസിൽ പഠിക്കുമ്പോ, കഥയുടെ തുടക്കം ഇവിടെ നിന്നാണ്, പത്തിലെ ചേട്ടന്മാരും ചേച്ചിമാരും ഒമ്പതാം ക്ലാസുകാരോടും അവർ എട്ടാം ക്ലാസുകാരോടും ആശയങ്ങളും ചോദ്യങ്ങളും ഉന്നയിച്ചിരുന്ന കാലം, ഇടക്കിടെ ചോദ്യങ്ങൾ ആറാം ക്ലാസിലും വന്നെത്തിയിരുന്നു. ചോദ്യത്തിനുള്ള ഉത്തരം ക□ ത്തണമെന്നു□ ്. പക്ഷെ അതിനുള്ള നേരം കിട്ടുന്നില്ല. രാവിലെ സ്കൂളിലേക്ക് വന്നാലുള്ള കളികൾ, തൊട്ടാതൊട്ട് കളി, തൂണ് പിടിച്ച് കളി, വെള്ളം പീച്ചികളി അങ്ങനെ എത്ര എത്ര കളികൾ, ഇതൊന്നും പോരാതെ ക്ലാസിലെ മറ്റു കളികളും, പിന്നെ ഉച്ചകഞ്ഞിയ്ക്ക് ശേഷം വൈകുന്നേരം സ്കൂൾ വിടാറാകുമ്പോൾ മുട്ട പുഴുങ്ങിയതും ചിലപ്പോൾ പാലും കിട്ടും. ഇതിനിടയ്ക്ക് എവിടെയാണ് ശരാശരി ആറാം ക്ലാസുകാരന് ചോദ്യങ്ങൾക്കുള്ള ഉത്തരം ക□ ത്താൻ നേരം. പത്താം ക്ലാസിൽ നിന്നും 8ാം ക്ലാസിൽ നിന്നുമുള്ള ചോദ്യങ്ങൾ വളരെ കുഴപ്പമേറിയതും ഒമ്പതിലെ ചോദ്യങ്ങൾ എളുപ്പമുള്ളതുമായിരിക്കും. ഒരു ചോദ്യം കറങ്ങിതിരിഞ്ഞ് ആറാം ക്ലാസിലുമെത്തി. ഫ്രീ പിരീഡിൽ ചോദ്യം ഉന്നയിച്ചത് ക്ലാസിലെ മുതിർന്ന പഠിപ്പിസ്റ്റാണ്. ''എന്താണീ തീറ്റ'' എന്നായിരുന്നു ചോദ്യം. ചോദ്യത്തിന് ശേഷം ഒരു ആനന്ദകരമായ കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ചിലർ 'തീറ്റയോ' എന്ന് വാപൊളിച്ചു പറയുന്നു. ചിലർ പിന്നിലെ ബെഞ്ചിലേക്ക് എത്തിനോക്കുന്നു. മറ്റു ചിലരാകട്ടെ ചോദ്യം ചോദിച്ചവനെ കളിയാക്കി ചിരിക്കുന്നു. മറ്റു ചിലർ ചോദ്യത്തിനുള്ള ഉത്തരങ്ങൾ പറയാൻ ശ്രമിക്കുന്നു. ചിലർ ഇതൊന്നും കൂസാക്കാതെ ബെഞ്ചിലിരുന്ന് ഉറക്കം തൂങ്ങുന്ന,. ഉറങ്ങുമ്പോഴാണല്ലോ മനുഷ്യമസ്തിഷ്കം ഏറ്റവും നന്നായി പ്രവർത്തിക്കുന്നത്. ശരിക്കും പറഞ്ഞാൽ എന്താണീ തീറ്റ. ശാസ്ത്രത്തിനും സാമൂഹ്യശാസ്ത്രത്തിനും, മലയാളത്തിനും, ഗണിതത്തിനും ഇതുമായുള്ള ബന്ധം എന്താണ്? ഒരു തരത്തിൽ അങ്ങനെതന്നെയാണ് ചിന്തിക്കേ□ ത്? തീറ്റക്ക് ഭക്ഷണവുമായി ബന്ധമു□ ാ? അന്നത്തെ സ്ഥിതിഗതികൾ വെച്ച് തീറ്റ എന്താണെന്നുള്ള സാമാന്യബോധം മനസ്സിലാക്കാൻ ഞാൻ പ്രാപ്തനായിരുന്നില്ല. ഏതോ ഒരു സിനിമയിൽ ശ്രീനിവാസൻ പറഞ്ഞതുപോലെ 'എല്ലാത്തിനും അതിന് ഒരു സമയം ഉ□ ് ദാസാ ' എന്ന വാക്ക് വളരെ പ്രസക്തമായിരുന്നു. ചിന്തകളും മനസ്സും ശരീരവും വളർന്നു. തീറ്റ എന്താണെന്നറിയാൻ പ്രാപ്തനായി. തീറ്റയെ അറിഞ്ഞു. തീറ്റയുടെ ഉപയോഗം മനസ്സിലായി. അറിയുന്നതിനെക്കാളും അറിയാത്ത ഒരു ഇത്തിരിവെട്ടം ബാക്കിയു□ ാവും. എന്നിട്ടും മനസ്സിൽ ഇപ്പോഴും ഒരു ചോദ്യം ബാക്കി കിടക്കുന്നു. 'എന്താണീ തീറ്റ'?

# ഹർത്താൽ വേ□ ……. അഗ്നി ആഷിക്

*നമ്മുടെ ജീവിതരീതിയിൽ ഏറ്റവും കൂടുതൽ മാറ്റം വരുത്തികൊ□ ിരിക്കുന്ന ഒന്നാണ് ഹർത്താൽ. കേരളത്തിന്റെ ദേശീയ ഉത്സവം. ഇല്ല ഞാൻ എതിർക്കുന്നില്ല. പ്രതിഷേധം ആവശ്യമാണ്. ഏതു സർക്കാരുകളായാലും, ഭരണരീതിയിലും, ഭരണത്തിലും ചില ഏറ്റക്കുറച്ചിലുകൾ ഉ□ ാവാം. അത് അറിയിക്കേ□ ത് പ്രതിഷേധത്തിലൂടെയോ, മറ്റു രീതികളിലൂടെയോ തന്നെയാണ്. പക്ഷെ എല്ലാവരും നാഴികയ്ക്ക് 40 വട്ടം പറയുന്നത് തന്നെയാണ് പ്രശ്നം. മറ്റുള്ളവരുടെ സ്വാതന്ത്രങ്ങളെ വ്രണപ്പെടുത്തിയാവരുത് അതും ഇന്ത്യ പോലൊരു ജനാധിപത്യരാജ്യത്തിൽ.*

*1921ൽ ചൗരിചൗരാ എന്ന സ്ഥലത്തെ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ പോലീസ് സ്റ്റേഷൻ കത്തിച്ചു. അതിന്റെ പേരിൽ മഹാത്മഗാന്ധി അദ്ദേഹത്തിന്റെ നിസ്സഹകരണ സമരം നിർത്തിവെച്ചു.*

*ഈ ഹർത്താൽ നടത്തുന്നവർ ഓർക്കുന്നില്ല മഹാത്മാഗാന്ധി ജീവിച്ച നാടാണ് നമ്മുടെയെന്ന്. ഇത്തരം സന്ദർഭങ്ങളിലാണ് മഹാത്മാഗാന്ധി പ്രതിമ മാത്രമാവുന്നത്. നിർജ്ജീവമായ സിമന്റ് പ്രതിമ. പ്രതിഷേധിക്കരുത് എന്ന് പറയുന്നില്ല. അത് മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെയും, അവകാശത്തെയും ഹനിച്ച് കൊ□ ാവരുത്.*

*ഇത് കൂടാതെ ഓരോ ദിവസത്തെ ശമ്പളം കൊ□ ുമാത്രം അന്നത്തെ ചോറ് വായിലേക്കെത്തുന്ന ജനങ്ങളോ, ഹർത്താലിൽ മാറ്റിവെക്കേ□ ിവരുന്ന*

*പരീക്ഷകൾ, അതിൽപ്പെട്ടുപോകുന്ന യാത്രക്കാർ, അന്നം ഇല്ലാതാവുന്ന ജനങ്ങൾ, ആശുപത്രിയിലും മറ്റും ഉ□ ാവുന്ന പ്രശ്നങ്ങൾ, ഇങ്ങനെയുള്ള പ്രശ്നങ്ങൾക്ക് കണക്കില്ല. കേരളം പോലെ ഏറ്റവും സാക്ഷരതയും ആയുർദൈർഘ്യവും വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന ജീവിതനിലവാരവുമുള്ള നാട്ടിൽ ഹർത്താൽ നടത്തുന്നത് അദ്ഭുതം. "തേങ്ങ പത്തരച്ചാലും താളല്ലേ കറി" എന്നുള്ള അവസ്ഥ . പ്രതിഷേധിക്കേ□ ത് സത്യാഗ്രഹങ്ങളിലൂടെയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ ആകണം. പ്രതിഷേധത്തിന്റെ ഏറ്റവും മൂർദ്ധനാവസ്ഥയാണ് ഹർത്താൽ. ഒരു പക്ഷെ ഈ പ്രതിഷേധരീതിയായിരിക്കും ഭരണാധികാരികളെ ഉണർത്തുന്നതും......എങ്കിലും ഇതിലൂടെ നിറം മങ്ങി പോകുന്ന ജനങ്ങളേറെയാണ്. നമുക്ക് ഇനി എതിർക്കാം, പ്രശ്നങ്ങളെ പ്രശ്നങ്ങളായി തന്നെ അവതരിപ്പിക്കാം. ഉള്ളിലെവിടെയോ ലീവ് കിട്ടുന്ന സന്തോഷം ഉ□ ങ്കിലും എനിക്ക് അത് വേ□ .*

*"മരത്തെ വെട്ടി പുല്ല് മുളയ്ക്ക□ " നമുക്ക് പറയാം ഹർത്താൽ വേ□ "*

# മംഗലം വേല

മംഗലത്തെ നാട്ടുകാരുടെ ഹൃദയമാണ് മംഗലം വേല. ഏറ്റവും നല്ല വേലയാണ് മംഗലം വേല. ചെ□ മേളവും, പഞ്ചാരി മേളവും, മംഗലത്തുകാരുടെ ആർപ്പുവിളിയും കൂടുമ്പോൾ മംഗലം വേല അതിസുന്ദരമാകുന്നു. മംഗലം വേലയുടെ പ്രധാനപ്പെട്ട ഒരു മഹാനു□ ് അതാരാണെന്നോ ഞങ്ങളുടെ ചങ്കും ചങ്കിടിപ്പുമായ തെച്ചിക്കോട്ട്കാവ് രാമചന്ദ്രനും, മംഗലാകുന്നയ്യപ്പനും. ഇതുകൊ□ ് മാത്രം കഴിയുന്നില്ല. ഇനി വരുന്നത് വെടിക്കെട്ടാണ്. ആർത്തുല്ലസിച്ച് തുള്ളിച്ചാടി കഴിഞ്ഞ് വേലപ്പറമ്പിൽ നിന്നും പൊട്ടുന്ന വെടി ക്കെട്ടുകൾ. പിന്നെ ഒരു കാര്യം മലയാളികളുടെ ജീവനായ, നാടൻപാട്ടിന്റെ ഹൃദയമായ, കലാഭവൻമണിയുടെ വേഷമണി ഞ്ഞുള്ള നാടൻപാട്ടും, മംഗലംവേലയോടൊത്തു ചേരുന്നു.എല്ലാം വേലപോലെയല്ല മംഗലംവേല, ഞാൻ ക□ തിൽവെച്ച് ഏറ്റവും നല്ല വേല മംഗലം വേല ചങ്കാണ്. ചങ്കിടിപ്പാണ്.

Sudheesh.S

# സ്റ്റീഫൻ ഹോക്കിംങ്

## ജീവിച്ചിരുന്ന ഇതിഹാസം

Risna.K IX.A

ര□ ാംലോകമഹായുദ്ധകാലത്ത് ല□ ൻ നഗരത്തെ തകർത്ത് തരിപ്പണമാക്കികൊ□ ് മുന്നേറുകയാണ് ഹിറ്റ്ലർ. ഈ സമയം ഇംഗ്ല□ ിലെ ഹൈഗേറ്റിലുള്ള ഫ്രാങ്ക് ഹോക്കിംങ് എന്ന ഡോക്ടർ ഗർഭിണിയായ ഭാര്യ ഇസബെല്ലയേയും കൂട്ടി ഓക്സ്ഫോഡിലേക്ക് യാത്ര തിരിച്ചു. ജനിക്കാനിരിക്കുന്ന കുഞ്ഞിന്റെ സുരക്ഷയെ കരുതിയായിരുന്നു ആ യാത്ര. 1942 ജനുവരി 8 ഓക്സ്ഫോർഡിൽ അവർക്കൊരു ആൺകുഞ്ഞ് പിറന്നു. ലോകം മാസ്റ്റർ യൂണിവേഴ്സ് എന്ന ആരാധനയോടെ വിളിച്ച മഹാശാസ്ത്രജ്ഞൻ. സ്റ്റീഫൻ ഹോക്കിംങ്സ് ആയിരുന്നു ആ ആൺകുഞ്ഞ്. ഓക്സ്ഫേഡ് യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദം നേടിയവരായിരുന്നു ഹോക്കിംങിന്റെ മാതാപിതാക്കൾ. തന്നെ പോലെ മകനും ഡോക്ടറാകണമെന്ന് അച്ഛൻ ആഗ്രഹിച്ചു. എന്നാൽ ഗണിതവും, ഭൗതികശാസ്ത്രവുമായിരുന്നു സ്റ്റീഫന്റെ ഇഷ്ടവിഷയങ്ങൾ. ഓക്സ്ഫോഡിൽ പ്രകൃതിശാസ്ത്രം പഠിക്കണമെന്നായിരുന്നു സ്റ്റീഫൻ ഹോക്കിംങിന്റെ ആഗ്രഹം. എന്നാൽ മകൻ വൈദ്യശാസ്ത്രം പഠിക്കണമെന്ന് അച്ഛൻ ശഠിച്ചു. പക്ഷെ ഒടുവിൽ മകന്റെ നിർബന്ധത്തിനു വഴങ്ങി അദ്ദേഹം സ്റ്റീഫനെ പ്രകൃതിശാസ്ത്ര പഠനത്തിന് ചേർത്തു. 1959ലാണ് സ്റ്റീഫൻ ഹോക്കിംങ് തന്റെ ബിരുദപഠനം ആരംഭിച്ചത്.

*സ്കോളർഷിപ്പോടുകൂടിയാണ് പഠനം. തിയറി ക്ലാസിൽ പലപ്പോഴും ഹോക്കിംങ് എന്ന വിദ്യാർത്ഥിയെ ബോറടിപ്പിക്കുമായിരുന്നു. ക്ലാസുകളിൽ കയറാതെ ചിലപ്പോഴൊക്കെ ഉഴപ്പി നടന്നു. എന്നാൽ ആരും തന്നെ കുറിച്ച് പരാതി പറയാൻ അവൻ അനുവദിച്ചില്ല. സ്റ്റീഫൻ ഹോക്കിംങ് ഒരു ബുദ്ധിമാനാണെന്ന കാര്യം അധ്യാപകരും സമ്മതിക്കുകയായിരുന്നു. സ്റ്റീഫൻ ഹോക്കിംങ് ഉപരിപഠനാർത്ഥം കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെത്തി. കോസ്മോളജി (പ്രാപഞ്ചിക ശാസ്ത്രം) ആയിരുന്നു ഗവേഷണ വിഷയം. 1962 ലെ ക്രിസ്മസ് അവധി. സ്റ്റീഫൻ നാട്ടിലേക്ക് തിരിച്ചു. വീട്ടിലെത്തിയ അദ്ദേഹത്തിൽ ചില മാറ്റങ്ങൾ വന്നത് ഡോക്ടറായ അച്ഛന്റെ ശ്രദ്ധയിൽപ്പെട്ടു. പതുക്കെ ആ ഞെട്ടിക്കുന്ന സത്യം എല്ലാവരും മനസ്സിലാക്കി. സ്റ്റീഫൻ ഹോക്കിംങിനെ മോട്ടോർ ന്യൂറോൺ എന്ന മാരകരോഗം ബാധിച്ചിരിക്കുന്നു. ലക്ഷത്തിൽ ഒന്നോ, ര□ാ ആളുകൾക്ക് മാത്രം കാണപ്പെടുന്ന ഈ രോഗം മനുഷ്യശരീരത്തിലെ പേശികളെ തകർത്തുകളയുന്നതാണ്. ചലനശേഷി, സംസാരശേഷി എന്നിവ നഷ്ടപ്പെട്ട് ഒടുവിൽ ശ്വസനം തന്നെ ഇല്ലാതാകുന്നതോടെ മരണം സംഭവിക്കുന്നു. ഗവേഷണത്തിന് തയ്യാറെടുക്കുന്ന സമയമായിരുന്നു അത്. ഇനി ആയുസ്സ് ര□ുവർഷം മാത്രം. ഡോക്ടറുടെ ഈ വാക്കുകൾ ഞെട്ടലോടെയാണ് ഇദ്ദേഹവും*

കുടുംബവും കേട്ടത്. ര□ ുവർഷമെങ്കിൽ ര□ ു വർഷം. അത്ര കാലം കൊ□ ് ഒത്തിരി കാര്യങ്ങൾ ചെയ്ത് തീർക്കാനു□ ്. അദ്ദേഹം തീരുമാനിച്ചു. ഗവേഷണം തുടർന്നു. 1966ൽ അദ്ദേഹത്തിന് ഡോക്ടറേറ്റ് ലഭിച്ചു. 1969ൽ തന്റെ ഒരു ലേഖനത്തിന് ആദംസ് അവാർഡ് സ്റ്റീഫനെ തേടിയെത്തി. കേംബ്രിഡ്ജിലെ ഗവേഷകരുടെ ഇടയിൽ ഹോക്കിംങ് ബുദ്ധിശാലിയും ഐൻസ്റ്റീന്റെ പിൻഗാമിയും ഒക്കെയായി അറിയപ്പെട്ട് തുടങ്ങി. പ്രപഞ്ചോൽപ്പത്തിയെ സംബന്ധിച്ച ഗവേഷണത്തിൽ മുഴുകിയിരിക്കുമ്പോഴാണ് ഹോക്കിംങിന് തമോഗർത്തങ്ങളിൽ കൗതുകമുണരുന്നത്. രോഗം ശരീരത്തിന്റെ ഓരോ ഭാഗത്തെയും തളർത്തിയിട്ടും അദ്ദേഹം ഗവേഷണത്തിൽനിന്ന് പിന്മാറിയില്ല. തമോഗർത്തനങ്ങൾ വികിരണം നടത്തുന്നു എന്നദ്ദേഹം പ്രസ്താവിച്ചു. അദ്ദേഹം ക□ ുപിടിച്ച തമോഗർത്ത വികിരണങ്ങൾ ഹോക്കിംഗ് റേഡിയേഷൻ എന്നറിയപ്പെടുന്നു. 1974 മാർച്ചിൽ സ്റ്റീഫൻ ഹോക്കിംങിനെ റോയൽ സൊസൈറ്റിയിലെ അംഗമായി തിരഞ്ഞെടുത്തു. ശാസ്ത്രലോകത്തെ അദ്ദേഹത്തിന്റെ സംഭാവനകൾക്കുള്ള അംഗീകാരമായിരുന്നു അത്. **“THE UNIVERSE IN A NUT SHELL, A BREEF HISTORY OF TIME** (ആത്മകഥ) തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രശസ്ത കൃതികളാണ്.

# നീരാഴുക്ക്

Anjana.R (CS2)

കാർമുകിലിൻ നിറമുള്ള അവളുടെ ചുരുൾമുടി അഴിച്ചിട്ടപ്പോൾ
മനുഷ്യർ അത് നോക്കിനിന്നു
ആദ്യം സ്നേഹിച്ചു, ലാളിച്ചു പിന്നീട്,
സ്നേഹിക്കാനും സൗഹൃദം പങ്കിടാനും ഓരോ 'യന്ത്രം'
അവരുടെ ജീവിതത്തിലേക്ക് കടന്നുവന്നപ്പോൾ അവർ മറന്നു,
അവളുടെ കാർകൂന്തലിൻ ചന്തം
ദ്രോഹിച്ചു, വഞ്ചിച്ചു, മനുഷ്യന്റെ സന്തോഷത്തിനും,
ആവശ്യങ്ങൾക്കുംവേ□ 1 അവളെ ചൂഷണം ചെയ്തു.
ആദ്യം അവൾ മൗനം പാലിച്ചു, പക്ഷെ
അവളുടെ ക്ഷമയെ മനുഷ്യർ ചോദ്യം ചെയ്യാൻ തുടങ്ങിയപ്പോൾ
ഉഗ്രരൂപിണിയായി അവൾ ഉടലെടുത്തു
മനുഷ്യനെ നിഷ്പക്ഷം ഇല്ലാതാക്കാൻ കഴിയുന്ന,
'നീരൊഴുക്കിൻ' രൂപത്തിൽ.....
അവളുടെ കാർകൂന്തൽ അവൾ അഴിച്ചിട്ടു
പിഞ്ചുകുഞ്ഞുങ്ങൾ, വയോധികർ, ചെറുപ്പക്കാർ അങ്ങനെ
ഒട്ടനവധിപേർ അവളുടെ ഇഴകളിൽ തട്ടി തടഞ്ഞുവീണു
ഈ ലോകത്തെ മുഴുവൻ അവളുടെ ഇഴകളാൽ ചുറ്റി വലിഞ്ഞു.
ശ്വാസം മുട്ടി മനുഷ്യർ പിടഞ്ഞുവീണു.
വീടും, നാടും വിട്ട് പാവമെന്നോ, പണക്കാരനെന്നോ
ഉള്ള വേർതിരിവില്ലാതെ, ജാതിയും മതവുമില്ലാതെ
അവൾ ഒരു കുടക്കീഴിൽ എത്തി, ഒരേ സ്വരത്തിൽ
ഞങ്ങളുടെ ജീവനുവേ□ 1 യാചിച്ചു.
ഒടുവിൽ അവളുടെ കോപം മെല്ലെ മെല്ലെ ശമിച്ചു
അവളുടെ ചുരുൾമുടിയുടെ കുറുക്ക് പതിയെ അയയാൾ തുടങ്ങി

*ഒഴുകി നടന്ന മനുഷ്യൻ തന്റെ കാലിൽ കാലുറപ്പിച്ചു.*

*ഇത് ഒറ്റ ഓർമ്മപ്പെടുത്തലാണ്*

*പ്രകൃതിയെ ചൂഷണം ചെയ്യുന്ന ഓരോ മനുഷ്യനും*

*അവൾ ഒരു കഥ പറഞ്ഞുകൊടുക്കും*

*ഒരു 'നീരൊക്കിന്റെ' കഥ....*

## മഴയുടെ ഗർജ്ജനം

Arya Krishna (C.S)

*മഴയുടെ മണിനാദം ഗർജ്ജനമായ് മാറുന്നു.....*

*പൃഥ്വിര□ ായ് പിളരുന്നു......*

*അംബരം പ്രളയതാണ്ഡവമാടുന്നു.......*

*കോരിച്ചൊരിയുന്നു പേമാരി.......*

*ജനനീ നീ മുഴങ്ങുന്നു.......*

*ജനനീ നിന്നെ ഭയക്കുന്നു നിന്നെ....*

*എന്തിനായ്, ഏതിനായാണ്*

*നിന്റെ ഗർജ്ജനം, ചൊല്ലുക.....?*

# COZ' I LOVE YOU…..

When you asked me "If I leave you,

Will you cry?
I said " No. I will never cry only
DIE!!!
Coz' I Love You

I always had realized silence
But you had not even tried to
Hear my loud voice
WHY??
Coz' you don't love me

My love can't be explained
Can only be expressed
Which I used to do
Coz' I Love You

I came to know the meaning of love
Only because of you
Coz' I Love You

Indeed you and I want you
Coz' I Love You

Never let you be in a trouble
And never let you be alone
Coz'  I Love You

**Sivaranjini.SS**
**$CA_1$**



## “എൻ ഗുരുനാഥ” *Shamna. H (CS1)*



അമ്മതൻ കൈപിടിച്ചു ഞാൻ
ആദ്യമായിതാ പിച്ചവെച്ചു തുടങ്ങീടുന്നു
അമ്മേ നിനക്കായ് ഞാനെന്റെ കരങ്ങൾ
ആദ്യാക്ഷരമെഴുതാൻ നൽകീടുന്നു

ആദ്യാക്ഷരം ഞാൻ എഴുതി തുടങ്ങവെ
അമ്മതൻ വാക്കിൻ മറ്റൊരർത്ഥം
ആകാംക്ഷയോടെ കേട്ടീടുവാൻ
അക്ഷമയോടെ കാത്തുനിൽക്കെ.

അമ്മേ നീ ചൊന്ന വാക്കുകേട്ട്
അമ്പരപ്പെന്നിലെന്നെ തൊട്ടുണർത്തി
അമ്മതൻ വാക്കിൻ മറ്റൊരർത്ഥം
‘ഗുരുനാഥ’ എന്നു നീ ചൊന്ന നേരം.

അരികിലാകുമ്പോഴും അണയാതിരിക്കുവാൻ
അറിയാതെ നിന്നിലേക്കെന്നെ ചേർത്തീടുമ്പോൾ
അറിയുന്നു നീയെൻ ‘അമ്മ’യെന്നും
‘ഗുരുനാഥ’ യാണെൻ ‘അമ്മ’യെന്നും

# My Life is Like

My life, My life is like a comma,
Which sometimes stops for a while…..

But yourealizedthat  it was
Just a beginning of
A big start………

My life is an exclamation
Where I'd exclaimed
Many times

Is  my life a  big question mark?
Yes, course its all
Without Answers

At last my life
Will be a big full stop
Where everything  ends
For ever……..

**Sivaranjini.SS**

**CA$_1$**

# ***പ്രകൃതി***

എത്ര സുന്ദരമെൻ പ്രകൃതി
നിത്യ സൗരഭ്യം തുളുമ്പിടും പൊൻപുലരി

കളകളമരുവിയും കിളിനാദവും
പൊൻപുലരിതൻ മാറ്റൊലിമാറ്റിടുന്നു.
നിത്യപുലരിതൻ പുഞ്ചിരിതൂകിടുന്നു

സ്വർണ്ണ തിളക്കമാം ഉദയവും
വെള്ളിച്ചായം സന്ധ്യയും
നിന്റെ മേനിക്ക് പൊൻപകിട്ടേകുന്നു

കളകളം ഒഴുകുന്ന പുഴയേതോ
നിന്റെ കാലിൽ കൊലുസായിമാറിടുന്നു

ഹോ......!
പ്രകൃതി നീയെന്ത് മനോഹരി
നീലകുറിമാനമേകുന്ന മോഹിനീ......

Ramsheena.J

IX.A

# ***സംതൃപ്തി***

മീനമാസചൂടിൽ ചുട്ടുപൊള്ളിയപ്പോൾ നീ
പറഞ്ഞു ഹേ, എന്തൊരു ചൂട്
ചിങ്ങമാസത്തിൻ നിന്റെ
ചൂടിനെ ശമിപ്പിച്ച് കൊ□ ാ
കാശം നിനക്കു മഹാവർഷം നൽകിയപ്പോൾ
നീ അവനെ മഹാപ്രളയമാക്കി.
മകരമാസത്തിൻ പുൽനാമ്പിൽ
വീഴുന്ന മഞ്ഞിൻകണങ്ങളെ
നീ കൊടിയ തണുപ്പാക്കി.
ഹോ മനുഷ്യ ക്രോധത്തോടെ
ഞാൻ ആരായുന്നു
നീ എന്തിലാണ് സംതൃപ്തൻ?

Shrinithi.V

IX.A

*മിനികഥ* **-**

# ആചാരം

*കണ്ണടച്ച് എനിക്ക് ചിലത് കാണാതിരിക്കാം*

*വെള്ളം വായിലാക്കി എനിക്ക് ചില ചോദ്യങ്ങൾക്ക് ഉത്തരം നല്കാതിരിക്കാം*

*ശ്വാസം നിർത്തി എനിക്കാഗന്ധം അറിയാതിരിക്കാം*

*പക്ഷെ ഊറി വരുന്ന ചില ഓർമ്മകളെ എനിക്ക് മൂടിവെക്കാനാകില്ല*

*അത് കണ്ണിലെ തടയണകളെ തുറന്നുവിടും*

*ശബ്ദത്തിന്റെ ചങ്ങലകളെ തകർത്തെറിയും*

*അപ്പോൾ ചിലപ്പോ എനിക്ക് ചിലത് കാണേ□ ിയും കേൾക്കേ□ ിയും വരും*

*ചില അതിരുകളെ മുറിച്ച് കടന്ന് ഞാനത് കേൾക്കുകതന്നെ ചെയ്യും*

*അഗ്നി ആഷിക്*

**IX.A**

# അമ്മ

തലക്കെട്ടിലെ ര□ ക്ഷരത്തിൽ ഒതുങ്ങുന്ന ഒന്നിനെ കുറിച്ചല്ല ഞാൻ ഇവിടെ വർണ്ണിക്കാൻ ആഗ്രഹിക്കുന്നത് .അത് അമ്മ എന്ന ‘‘സനേഹക്കടലി’’നെ കുറിച്ചാണ്. അമ്മ എന്ന വാക്കിന് മറുവാക്കില്ല. അമ്മയ്ക്ക് തുല്യം  അമ്മ എന്ന മറുവാക്കില്ല. അമ്മയ്ക്ക് തുല്യം അമ്മ മാത്രം. തന്റെ കുഞ്ഞുങ്ങളുടെ സ്വപ്നങ്ങൾക്ക് പൊൻചിറകുകൾ  നൽകി അവരെ പറക്കാൻ പ്രാപ്തരാക്കുന്നവർ ആണ് അമ്മമാർ.മഹാകവി വള്ളത്തോളിന്റെ വരികൾ നിങ്ങൾ ശ്രദ്ധിക്കുക.

‘‘മാതാവിൻ വാൽസല്യ ദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ.....’’

സ്നേഹത്തിന്റെയും സംരക്ഷണത്തിന്റെയും ഉദാത്തമായ പ്രതിരൂപമാണ് അമ്മ. മാതാ, പിതാ, ഗുരു, ദൈവം . ഇവിടെയും മാതാവിനാണ് മുൻഗണന. മക്കൾ എത്ര തന്നെ തെറ്റ് ചെയ്താലും അവരെ വെറുക്കാനോ ദ്രോഹിക്കാനോ ഒരമ്മയ്ക്കും കഴിയുകയില്ല. മക്കൾ മൂലം ഒരമ്മയുടെ കണ്ണുകൾ നിറയാൻ ഇടവന്നാൽ അതിലും വലിയൊരു പാപം മറ്റൊന്നുമില്ല. സ്വന്തം ആഗ്രഹങ്ങൾക്കും, ആവശ്യങ്ങൾക്കും വേ□ ി സമയം ക□ ത്താത്തവർ ആണ. പകുതിയിലധികം അമ്മമാരും. അവരുടെയൊക്കെ ജീവിതം അവരുടെ മക്കളുടെ ഭാവിക്ക് വേ□ ിയും കുടുംബത്തിന്റെ നന്മയ്ക്ക്വേ□ ിയും മാറ്റിവെച്ചിരിക്കുന്നു.

എന്നാൽ നമ്മൾ മക്കൾ അമ്മമാർക്ക് ഇതേ സ്നേഹം തിരിച്ചുകൊടുക്കുന്നു□ ാ എന്ന് നമ്മൾ ഓർക്കണം. ഈ അടുത്തായി പത്രത്തിൽ വായിച്ച ഒരു കാര്യം ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ. മദ്യപിച്ച് വന്ന മകൻ അമ്മയെ തല്ലി കലൊടിച്ചതിനെ തുടർന്ന് അവനെ അറസ്റ്റ് ചെയ്യുമ്പോഴും ആ അമ്മ പറഞ്ഞത് എന്താണെന്നറിയാമോ ‘‘ എന്റെ മോനേ

തല്ലല്ലേ സാറെ അവൻ പാവമാ'' ഇതാണ് മാതൃ ഹൃദയത്തിന്റെ തേങ്ങൽ. അങ്ങനെയുള്ള അമ്മമാരെവേദനിപ്പിക്കാതെ നമ്മുടെ സുഖങ്ങളിലും സന്തോഷങ്ങളിലും നേട്ടങ്ങളിലുമെല്ലാം അവരെ നമ്മോട് ചേർത്തുനിർത്തുകയാണ് നമ്മുടെ മക്കൾ ചെയ്യേ□ ത്. അമ്മമാർ മക്കളുടെ അടുത്തുനിന്നും പ്രതീക്ഷിക്കുന്നത് സമ്പത്തോ സുഖസൗകര്യങ്ങളോ അല്ല. മറിച്ച് പരിഗണനയും കാരുണ്യവുമാണ്. 10 മാസം ചുമന്ന് നൊന്തുപ്രസവിച്ച അമ്മയെ വാർദ്ധക്യകാലത്ത് തെരുവിലേക്ക് വലിച്ചെറിയുന്ന ഒരു കാലഘട്ടത്തെയാണ് നമ്മൾ ഇന്നു കാണുന്നത്. അത്ര പരിതാപകരമാണ് ഇന്നത്തെ അവസ്ഥ. അതുകൊ□ ് അമ്മയെ സ്നേഹിക്കുക സംരക്ഷിക്കുക പൂജിക്കുക മാതൃദേവോ ഭവ.........



# എന്റെ മരണം          NUBLA.PR

വെറുതെയിരിക്കുമ്പോഴൊക്കെ ഞാനെന്റെ മരണത്തെ ഓർക്കാറു□ ്. ആ നനഞ്ഞ ദിവസം....എന്റെ കൂട്ടുകാരെ കൊ□ ും എന്റെ ബന്ധുക്കളെകൊ□ ും എന്റെ വീടിന്റെ മുറ്റം നിറയുന്ന ദിവസം. എന്റെ മരണവാർത്തയറിഞ്ഞ് പ്രാർത്ഥന ചൊല്ലുന്ന ദിവസം. എന്റെ പൊന്നമ്മയുടെ വസ്ത്രം കണ്ണീരിനാൽ കുതിരുന്ന ദിവസം ഞാൻ നിത്യവും ഉപയോഗിക്കുന്ന ഫോൺ എന്ന പരിചയഭാവം നടിക്കാത്ത ദിവസം പ്രിയകൂട്ടുകാരുടെ ചങ്കുതകരുന്ന ദിവസം. ഇന്നലെ ഉമ്മ അലക്കിയിട്ട പുത്തൻ വസ്ത്രം അയലിന്മേൽ കിടന്ന് നമ്മെ പരിഹസിക്കുന്ന ദിവസം. എന്റെ 'റൂം' എന്ന് അഹങ്കാരത്തോടെ നാം പറഞ്ഞ നമ്മുടെ മുറിയിൽ നമ്മുടെ അനുവാദമില്ലാതെ മറ്റുള്ളവർ നമ്മെ കാണാൻ തിക്കും തിരക്കും കൂട്ടുന്ന ദിവസം. അടിപൊളിയായ് ജീവിച്ച എന്നെ ജഢമെന്ന് പറയുന്ന ദിവസം. ഒരു മാസത്തേക്കുള്ള 'നെറ്റ് ഓഫർ' ചെയ്യുമ്പോൾ നാം മറന്ന് പോയ ഇടയിലെ ഈ ദിവസം ഗ്യാരന്റി ഇല്ലാത്ത നമ്മുടെ ജീവിതത്തിൽ ഗ്യാരന്റിയും വാറന്റിയും ഉള്ള വസ്തുക്കൾ മാത്രം വാങ്ങിയ നമ്മുടെ ഗ്യാരന്റി തീർത്ത ദിവസം ഒടുവിൽ...... നിത്യം ഉപയോഗിക്കുന്ന സോപ്പ് കൊ□ ല്ലാതെ ആരൊക്കെയോ കുളിപ്പിച്ച്.....നിത്യം തേക്കുന്ന ക്രീം നോക്കാതെ മുടി ചീകാതെ........ പൊതിഞ്ഞ് കെട്ടിവെക്കുന്നദിനം. ... വീടിന്റെ മുന്നിൽ വാങ്ങിയിട്ട ബൈക്കിനും, കാറിനും പകരം നമ്മുടെ അവസാനവാഹനമായ ശവപ്പെട്ടിയിൽ ഇറക്കിവെക്കുന്ന കരയിപ്പിക്കുന്ന ദിവസം...;..

ഉള്ളിൽ നിലവിളികളുടെ തേങ്ങലുകൾ അലയടിക്കുന്ന വല്ലാത്ത നിമിഷവും പിന്നെ.....പിന്നെ...... യാത്രയാണ് അവസാനയാത്ര.....സ്വന്തം റൂമിൽ തിരിഞ്ഞും മറിഞ്ഞും കിടന്ന നമ്മേ കിടത്തുന്ന ഇരുളടഞ്ഞ

പെട്ടിയിൽ കഷ്ടിച്ച് ഒന്ന് തിരിഞ്ഞ് കിടക്കാൻപോലും കഴിയാത്ത നമ്മുടെ അവസാനത്തെ മുറി അതിൽ നമ്മെ ഇറക്കിവെച്ച് ഓരോരുത്തരും ഓരോ പിടി മണ്ണും വാരി ഇട്ട്..... കണ്ണീരു വീഴ്ത്തി നാം കിടക്കുന്നതു നോക്കി നടന്നു നീങ്ങും....കഴിഞ്ഞില്ലെ എല്ലാം?

ഇന്നലെവരെ നീ പേരുകേട്ട വലിയ കളിക്കാരനായിരുന്നു. ഡോക്ടറായിരുന്നു. ചിലരുടെ കണ്ണിലുണ്ണിയായിരുന്നു. എന്നിട്ടോ? ഇപ്പോൾ നീ ജഡമാണ്. .....വെറും ജഡം...... നാളെ നിന്റെ ഇന്നുവരെയുള്ള സ്ഥാനത്ത് പുതിയ ആൾ വരും.....ദിവസങ്ങൾ കാറ്റിന്റെ വേഗതയിൽ നീങ്ങും....നിന്നെ മെല്ലെ മെല്ലെ എല്ലാവരും മറന്ന് തുടങ്ങും.....നിന്റെ അമ്മയും.......നീ ചെയ്ത നന്മയും.....നിന്റെ കുഴിമാടവും ഒഴിച്ച്.... ബാക്കിയെല്ലാവർക്കും. നീ പഴയൊരു ഓർമ്മ മാത്രമാകും..... ഇന്നല്ലെങ്കിൽ നാളെ ഞാനും നീയും നുകരേ□ ദിവസമാണ് അത് നന്മ ചെയ്യുക. എല്ലാ സൗഹൃദങ്ങളെ സമ്പാദിക്കുക. എല്ലാവരെയും സ്നേഹിക്കുക. ആരെയും വേദനിപ്പിക്കാതിരിക്കുക. കാരണം ആ വല്ലാത്ത ദിവസം വന്നാൽ ഒന്ന് മാപ്പ് ചോദിക്കാനോ പൊരുത്തപ്പെടാനോ കഴിഞ്ഞു എന്ന് വരില്ല. ഒന്ന് ശാന്തമായി മനസ്സിരുത്തി, ശ്വസിച്ചു നോക്കു. കഴിയുന്നില്ലേ ആ ദിവസത്തിന്റെ മരണം നുകരാൻ.....? ഇല്ലെങ്കിൽ കഴിയേണം മരണത്തെ പ്രതീക്ഷിക്കണം മരണമെന്ന പ്രപഞ്ചസത്യത്തെ തുടങ്ങാൻ ഒന്നിനും കഴിയില്ല.

# കള്ളനുമുെ□ ാരു മനസ്സ്

രാത്രിയായി. എങ്ങും അന്ധകാരം.എല്ലാവരും ഉറങ്ങുന്ന സമയം. എന്നാൽ ഒരാൾ മാത്രം അങ്ങോട്ടും ഇങ്ങോട്ടും പരതി നടക്കുന്നു. അത് മറ്റാരുമായിരുന്നില്ല. നമ്മുടെ കള്ളൻതോമ. നമ്മുടെ കള്ളൻതോമ. നമ്മുടെ വടക്കേമുറിയിലെ പുതിയ താമസക്കാരുടെ വീട്ടിൽ ഒന്ന് കേറീട്ട് പോകാമെന്ന് വെച്ച് അങ്ങോട്ട് പോകുകയാണ് ലക്ഷ്യം. ആ കേറലിനെ ചിലർ മോഷണമെന്നൊക്കെ വിളിക്കും. പക്ഷെ അതൊട്ടും തോമ കാര്യമാക്കിയില്ല. അവൻ അങ്ങനെ പുതിയ വീടിനടുത്തെത്തി. മതിൽ ചാടി! പട്ടിയു□ ായിരുന്നില്ല. മനസ്സിൽ ആഹ്ളാദം. അവൻ പിന്നിൽകൂടി ഏണിവെച്ച് കേറി ബാൽക്കണിയിൽ എത്തി. തന്റെ കൈയ്യിലുള്ള ടൂൾസ് ഉപയോഗിച്ച് വാതിൽ തുറന്നു. വീടാകെ അന്വേഷിച്ചു. എവിടെയും ഒന്നും കാണുന്നില്ല. ഒരു മുറി മാത്രം തുറന്നില്ല. അവൻ ജനാലയിൽകൂടി നോക്കിയപ്പോൾ ഒരു വൃദ്ധയെ വളരെ വൃത്തിഹീനമായ സാഹചര്യത്തിൽ കിടത്തിയിരിക്കുന്നത് ക□ ു. അവരുടെ ദേഹം മുഴുവൻ മുറിഞ്ഞിരിക്കുന്നു. കള്ളന് അലിവ് തോന്നി. അവൻ വാതിൽ കുത്തിതുറന്ന് ഉള്ളിൽ കയറി. ആദ്യം വൃദ്ധ ഒന്നു ഞെട്ടിയെങ്കിലും കള്ളന്റെ അമ്മേ എന്നുള്ള വിളി അവരെ സമാധാനിപ്പിച്ചു. തോമയോട് അവർ ആരാണെന്നോ, എന്താണെന്നോ ഒന്നും ചോദിച്ചില്ല. പകരം ഇവിടെ നിന്ന് ഒന്ന് രക്ഷപ്പെടുത്തണം എന്ന് മാത്രം അപേക്ഷിച്ചു. അവൻ കാര്യങ്ങളെല്ലാം സമാധാനത്തോടെ കേട്ടു. അവർ ഈ വീട്ടിലെ ഗൃഹനാഥന്റെ അമ്മയാണെത്രേ. ഗൃഹനാഥൻ ഗൾഫിലാണ്. ഗൃഹനാഥന്റെ ഭാര്യയാണ് അമ്മയെ നോക്കുന്നത്. പക്ഷെ അവർ നോക്കുന്നരീതി കാലിത്തൊഴുത്തിൽ അറക്കാനിട്ടിരിക്കുന്ന മാടിനെ ശുശ്രൂഷിക്കുന്നപോലെയായിരുന്നു. എന്നും അമ്മയെ തല്ലും. എന്തെങ്കിലും മറുത്തുപറഞ്ഞാൽ പൂട്ടിയിടും. പൊള്ളിക്കും.

കള്ളന് സങ്കടം സഹിക്കാനായില്ല. കാരണം അവന്റെ അമ്മ നഷ്ടപ്പെട്ടത് അവനിൽ വലിയ ആഘാതം ഉ□ ാക്കിയിരുന്നു. ഇവിടെ അവൻ അമ്മ നഷ്ടപ്പെട്ടതിനെ ഓർത്ത് സങ്കടപ്പെടുമ്പോൾ ചിലർക്ക് അമ്മ ഒരു ഭാരമാകുന്നു. പക്ഷെ ഇവിടെ മകൻ ഒന്നും അറിഞ്ഞിട്ടില്ലായിരുന്നു. തോമ മകനെ വിളിച്ച് നടന്ന കാര്യമെല്ലാം പറഞ്ഞു. തെളിവിന് അമ്മയെ കൊ□ ും സംസാരിപ്പിച്ചു.കാര്യങ്ങളെല്ലാം മനസ്സിലാക്കിയ മകൻ പിറ്റെ ദിവസം തന്നെ വീട്ടിലെത്തി. അമ്മയെ ക□ ു കാര്യങ്ങളെല്ലാം മനസ്സിലാക്കി. തോമയോട് നന്ദി പറഞ്ഞു. ര□ ുദിവസത്തെ വിനോദയാത്ര കഴിഞ്ഞ് മടങ്ങിയെത്തിയ ഭാര്യയെ സ്വീകരിച്ചത് ഭർത്താവിന്റെ അടിയായിരുന്നു. ഭാര്യയുമായുള്ള ബന്ധം വേർപ്പെടുത്തിയശേഷം അമ്മയുമായി മകൻ ഗൾഫിലേക്ക് പോയി. തന്റെ അമ്മയെ സഹായിക്കാനും തന്നെ വിവരമറിയിച്ചതിനും പ്രതിഫലമായി തോമയേയും അവൻ കൂട്ടി.

**“*നല്ല മനസ്സിനുള്ള പ്രതിഫലം ദൈവം അവന് നൽകി എന്ന് തന്നെ പറയാം*”.**

Yahwin Lukose



# TROUBLES FACED BY AFRICA'SNEXT GENERATION

This picture portrays the thought process as the mindset of an African women who is about to give birth to a beautiful on Africa's soil. While she is about to give birth she is thinking the problems faced by the young generation an Africa. Her mind first got strickedon the major problem Hunger, disease, war. There problem are particularly suffering the children'sin Africa. They suffer from malnutrition can not go to school and have no prospect of a better future. Many of them do not have even experience their fifth birthday. The children in Africa need help -here you will find facts and figures that concern us all. The most eye watering thing is that children in Africa……. Before their fifth birthday. Child mortality rate is particularly high. The women was thinking about the icon's of giving birth an Africa. But we can change this situation by cordially helping other nation and give birth to new world without any infant mortality, women management, abusement etc. Let's hold our hands to give birth to a new world. Save Africa from this pathetic situation.

ABHISHEK SASEENDRAN

XII $C_2$

## അമ്മ

Vishnu IX.A

ഒരു ദിവസം വീട്ടിൽപോയി. തിരിച്ച് വീട്ടിലേക്ക് വരികയായിരുന്നു. അപ്പോഴാണ് എന്റെ അമ്മ പച്ചക്കറികൾ വാങ്ങിക്കുവാനായി സഞ്ചിയുമെടുത്ത് ചന്തയിലേക്ക് പോവുന്നത് ക□ ത്. അപ്പോൾ ഞാൻ ചോദിച്ചു. ‘‘അമ്മ പെട്ടെന്ന് വരണം ഞാൻ വീട്ടിൽ ഒറ്റക്കാണ്. അങ്ങനെ ഞാൻ പറയാൻ കാരണം അച്ഛൻ ഞങ്ങളെ ഉപേക്ഷിച്ചുപോയതാണ്. ഞാൻ എന്റെ അമ്മയുടെ തണലിലാണ് ജീവിച്ചിരുന്നത്. അമ്മയുടെ ജോലി മാത്രമാണ് ഞമ്മളുടെ മാസവരുമാനം. ആ തുച്ഛമായ വരുമാനത്തിലാണ് ഞങ്ങൾ കഴിയുന്നത്. അപ്പോൾ അമ്മ പറഞ്ഞു‘‘മോനേ നീ പേടിക്കേ□ അടുത്തവീട്ടില് കൂട്ടുകാരില്ലേ? അവരുടെ കൂടെ പോയി കളിക്ക്’’അമ്മ അങ്ങനെ യാത്രയായി.

ഞാൻ വീട്ടിലേക്ക് കയറിയിട്ട് കൈയ്യും, കാലും കഴുകി. വസ്ത്രം മാറി. പ□ ുകാലമായതുകൊ□ ് ടി.വി. ഉ□ ായിരുന്നില്ല. വൈദ്യുതിയും ഉ□ ായിരുന്നില്ല. അതുകൊ□ ് ഞാൻ മണ്ണെണ്ണ വിളക്കിന്റെ ചുവട്ടിൽ ഇരുന്നാണ് ഞാൻ പഠിച്ചിരുന്നത്. സമയം ആറ് മണി കഴിഞ്ഞു. കുറെ നേരമായിട്ടും അമ്മയെ കാണുന്നില്ല. ഞാൻ എന്റെ വാതിൽക്കൽ കാത്തിരുന്നു. ഞാൻ എന്റെ അമ്മയെ അന്വേഷിക്കുവാൻ തുടങ്ങി. സൂര്യൻ മറഞ്ഞു കഴിഞ്ഞു. നികുടമായ ഇരുട്ടായിരുന്നു. ഞാൻ ഒരു തീപന്തം കൈയ്യിൽവെച്ച് തിരഞ്ഞു. കാട്ടിലൂടെയാണ് നഗരത്തിലേക്ക് പോകുവാനുള്ള വഴി. ആ കാട് ഭയങ്കര ഭീതിയുളവാക്കുകയായിരുന്നു. പക്ഷെ ഞാൻ അതിലൊന്നും വിട്ടുകൊടുത്തില്ല. ഞാൻ വീട്ടിലേക്ക് പോകുവാൻ തീരുമാനിച്ചുറപ്പിച്ചു.

അവിടെ ഞാൻ ഒരു സന്യാസിയെ ക□ ുമുട്ടി ആ സന്യാസി എന്നോട് പറഞ്ഞത് നിനക്ക് കഷ്ടങ്ങൾ വരാനിരിക്കുന്നു. നീ അതിനെ തരണം

ചെയ്യണം. അതൊന്നും ഞാൻ മുഖവിലക്കെടുക്കാതെ ഞാൻ തിരഞ്ഞു. അവസാനം ഞാൻ എന്റെ അമ്മയെ ക□ ു. അതും മരിച്ചനിലയിൽ.

കാർമേഘങ്ങൾ നിറഞ്ഞുകൂടി. തണുത്തകാറ്റുവീശുവാൻ തുടങ്ങി. അവിടെ സൂര്യന്റെ കിരണം ഇല്ലാതായി. അതും അവസാനത്തെ കിരണവും ഇല്ലാതായി. അപ്പോഴേക്കും മഴ പെയ്യുവാൻ തുടങ്ങി. ആ മഴതുള്ളികൾ ഭൂമിയിൽ എത്തുന്നതിന് മുൻപ് തന്നെ എന്റെ കണ്ണീർ ആ ഭൂമിയിൽ അലിഞ്ഞു ചേർന്നിരുന്നു. അപ്പോൾ എല്ലാ ഇടവും അന്ധകാരം നിറഞ്ഞു.

# *Albert Master* — *Drawing*





Ujwal Krishna

X11 - C2

# Generation Gap




# African women

Abhishek

Sreedharan

X1-C2



# ലിറ്റൽ കൈറ്റ്സ് യൂണിറ്റ്

## (2018 – 19)

### സി.എ. ഹയർ സെക്കന്ററി സ്കൂൾ, ആയക്കാട്









CHAMY AYYAR HIGH SCHOOL

LOVE ★ SERVICE ★ SACRIFICE

AYAKKAD

